പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം

134(2335) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. യുടെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് കെട്ടിടം അനുവദിക്കുന്നതിന് തുക അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമായെങ്കിലും അനുവദിയ്ക്കപ്പെട്ട തുക പ്രസ്തുത ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് നാളിതുവരെയും ഡിപ്പോസിറ്റ് ചെയ്തിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതിക്ക് അനുവദിച്ച തുക അടിയന്തരമായി ഡെപ്പോസിറ്റ് ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) ഉണ്ട്.

(സി) പ്രസ്തുത പ്രവൃത്തിക്ക് 1-11-2014-ലെ G.O(Rt)No.1226/2014/ID സർക്കാർ ഉത്തരവു പ്രകാരം 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് MLA യുടെ ആസ്തി വികസന ഫണ്ടിൽനിന്നും ടി പദ്ധതിക്കായി തുക അനുവദിക്കുന്നതിന് 15-9-2015-ലെ G.O(Rt) No. 956/2015/ID നമ്പർ ഉത്തരവു പ്രകാരം പ്രത്യേക ശീർഷകം (4851-105-97-Legislature Assembly Constituency Asset Development Scheme)നിശ്ചയിച്ചു നൽകിയിരുന്നു. മേൽ ശീർഷകത്തിൽ നിന്നും തുക പിൻവലിച്ച് ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്)ന് നൽകുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

വ്യവസായ വികസനത്തിന് കർമ്മ പദ്ധതി

135(2336) ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന് കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വ്യവസായ വികസനത്തിനായി വിവിധ കർമ്മ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ചെറുകിട ഇടത്തരം വ്യവസായത്തിന്റെ ശാക്തീകരണമാണ് ഇതിന്റെ ഉദ്ദേശ്യം. സാങ്കേതിക വിദ്യാ പുരോഗതി, ഉത്പ്പന്നങ്ങളുടെ ഗുണമേന്മ, പ്രവർത്തന മികവ്, വിപണിയുടെയും മൂലധനത്തിന്റെയും സാദ്ധ്യതകൾ എന്നീ വിഷയങ്ങളെ അഭിമുഖീകരിക്കുവാൻ വ്യവസായ സംരംഭങ്ങളെ സഹായിക്കുക, മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കി മികവുറ്റ വ്യാവസായികോത്പാദനമാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. നിലവിലുള്ള വ്യവസായ പാർക്കുകളിലും പുതുതായി വിഭാവനം ചെയ്യുന്ന പാർക്കുകളിലും അടിസ്ഥാന സൗകര്യങ്ങളായി റോഡ് ശൃംഖല, വൈദ്യുതീകരണത്തിനും ജല വിതരണത്തിനുമുള്ള ശൃംഖല എന്നിവ ഒരുക്കുന്നുണ്ട്. ചെറുകിട ഇടത്തരം വ്യവസായ മേഖലകളിൽ ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഉത്പാദനച്ചെലവ് കുറച്ചുകൊണ്ടുള്ള മൂല്യവർദ്ധിത ഉത്പ്പന്നങ്ങൾക്കാണ് ഈ പദ്ധതി കൂടുതൽ ഊന്നൽ നൽകുന്നത്. കോമൺ ഫെസിലിറ്റി സെന്റർ, റിസർച്ച് ആന്റ് ഡെവലപ്പ്മെന്റ്, സാങ്കേതിക മികവ് വർദ്ധിപ്പിക്കൽ, വിപണന തന്ത്രങ്ങൾ ആവിഷ്കരിക്കുക, സാങ്കേതിക പരിശീലനങ്ങൾ നൽകുക എന്നിവയാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നത്. കോമൺ ഫെസിലിറ്റി സെന്ററിലൂടെ ഉപഭോക്താക്കൾക്ക് ആധുനിക സാങ്കേതിക വിദ്യയും പരിശീലനവും ഉത്പാദനച്ചെലവ് കുറയ്ക്കാനുള്ള മാർഗ്ഗങ്ങൾ, അസംസ്കൃത സാധനങ്ങളും ഉത്പന്നങ്ങളും സൂക്ഷിക്കാനുള്ള സൗകര്യങ്ങൾ, പൊതുവായ ബ്രാൻഡ് നെയിം എന്നിവ സാധ്യമാക്കുന്നു. കേന്ദ്ര സർക്കാരിന്റെ സൂക്ഷ്മ ചെറുകിട ഇടത്തരം മന്ത്രാലയത്തിന്റെ ധനസഹായം കിട്ടുന്നതിനായി 9 ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് ഏരിയ/പ്ലോട്ട് എന്നിവയുടെ അടിസ്ഥാനസൗകര്യ വികസനത്തിനായി പദ്ധതികൾ സമർപ്പിച്ചിട്ടുണ്ട്. പൂവൻതുരുത്ത് (കോട്ടയം), എടയാർ (എറണാകുളം), കഞ്ചിക്കോട് (പാലക്കാട്), കൊച്ചുവേളി (തിരുവനന്തപുരം), അരൂർ (ആലപ്പുഴ), വരവൂർ, അത്താണി (തൃശ്ശൂർ), കട്ടിപ്പാറ, താമരശ്ശേരി (കോഴിക്കോട്), അനന്തപുരം (കാസർഗോഡ്) എന്നിവയാണ് പദ്ധതികൾ. വ്യവസായ ആവശ്യത്തിന് സ്ഥലം ലഭിക്കുന്നതിന് ബുദ്ധിമുട്ടുള്ളതിനാൽ ബഹുനില വ്യവസായ എസ്റ്റേറ്റ് നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. എടയാറിൽ മൂന്ന് നിലയുള്ള വ്യവസായ എസ്റ്റേറ്റ് പൂർത്തീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മലപ്പുറം, തൃശ്ശൂർ എന്നീ ജില്ലകളിലും ബഹുനില വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. വ്യവസായ എസ്റ്റേറ്റ്/പ്ലോട്ടിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി സംസ്ഥാന സർക്കാരും ഗുണഭോക്തൃ സമിതിയും 70:30 എന്ന അനുപാതത്തിൽ പദ്ധതി വിഹിതം വഹിക്കുന്ന പദ്ധതിയും നടപ്പിലാക്കി. സംസ്ഥാനത്തെ നഗരങ്ങളിൽ വൻകിട വ്യവസായ വികസന മേഖലകൾ സ്ഥാപിക്കുവാൻ കിൻഫ്രയുടെ നേതൃത്വത്തിൽ പദ്ധതി ആവിഷ്കരിച്ചു. ഇതിലേക്കായി തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, കണ്ണൂർ നഗരങ്ങളിൽ അനുയോജ്യമായ ഭൂമി കണ്ടെത്തിക്കഴിഞ്ഞു. കേന്ദ്ര സർക്കാരിന്റെ വിവര സാങ്കേതിക വകുപ്പിന്റെ കീഴിൽ ഇലക്ട്രോണിക് സിസ്റ്റം ഡിസൈനിംഗിനും അതിന്റെ ഉത്പാദനത്തിനും വേണ്ടി ലോക നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ബന്ധപ്പെട്ട വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുള്ള കർമ്മ പദ്ധതിയാണ് ഇലക്ട്രോണിക് മാനുഫാക്ചറിങ് ക്ലസ്റ്റർ. കേന്ദ്ര സർക്കാരിന്റെ തത്വത്തിലുള്ള അംഗീകാരം ലഭിച്ച പ്രസ്തുത പദ്ധതിക്ക് എറണാകുളം, കാക്കനാട്ടുള്ള കിൻഫ്രയുടെ വ്യവസായ പാർക്കിൽ 67 ഏക്കർ സ്ഥലം നീക്കിവച്ചിട്ടുണ്ട്. ഭക്ഷ്യ സംസ്കരണ വ്യവസായ മേഖലയിൽ അടിസ്ഥാന സൗകര്യ വികസനമൊരുക്കുന്നതിനായി കിൻഫ്ര പാലക്കാട് ജില്ലയിലെ 73 ഏക്കർ സ്ഥലത്ത് ഒരു മെഗാ ഫുഡ് പാർക്ക് സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ആയുർവ്വേദ ഉല്പന്ന വ്യവസായ രംഗത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിൻഫ്രയുടെ നേതൃത്വത്തിൽ ഗ്ലോബൽ ആയുർവ്വേദ വില്ലേജ് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. 193 കോടി രൂപ മുതൽമുടക്കുള്ള ഈ പദ്ധതി പൊതുസ്വകാര്യ പങ്കാളിത്ത മാതൃകയിലാണ് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നത്. ഈ പദ്ധതിക്കായി തിരുവനന്തപുരത്ത് സ്ഥലം കണ്ടെത്തി പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. അന്താരാഷ്ട്ര എക്സിബിഷൻ & കൺവെൻഷൻ സെന്റർ എന്ന ഒരു പദ്ധതി എറണാകുളം, കാക്കനാട്ട് കിൻഫ്രയുടെ ഭൂമിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. ഇതിനായി 10 ഏക്കർ ഭൂമി കണ്ടെത്തി തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(സി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി സംസ്ഥാനതലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് ഡയറക്ടർ ചെയർമാനായി ഒരു മോണിറ്ററിങ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റിയിൽ കേന്ദ്ര സർക്കാരിന്റെ പ്രതിനിധിയായി എം.എസ്.എം.ഇ. ഡി.ഐ. ഡയറക്ടറും സംസ്ഥാന സർക്കാർ പ്രതിനിധികളായി സി.ഇ.ഒ., കെ. ബിപ്പ്, വ്യവസായ വാണിജ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ, ഫിനാൻസ് ഓഫീസർ, അതത് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, കൺസോഷ്യം ടെക്നിക്കൽ എക്സ്പെർട്ട്, കൺസോഷ്യം മാനേജിംഗ് ഡയറക്ടർ എന്നിവർ അംഗങ്ങളാണ്. കൂടാതെ ജില്ലാതലത്തിൽ വ്യവസായ വാണിജ്യ വകുപ്പ് അതത് ജില്ലാ ജനറൽ മാനേജർ ചെയർമാനായ എസ്.പി.വി.-യും ഈ പദ്ധതിയുടെ നടത്തിപ്പിനായി രൂപീകരിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly